പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2826.

20.06.2013 ൽ മറുപടിക്ക്

## കൊല്ലം ജില്ലയിലെ റേഷൻ കടകളിൽ അഴിമതിയും കരിഞ്ചന്തയും

**ചോദ്യം**

ശ്രീ. ജി.എസ്. ജയലാൽ:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) കൊല്ലം ജില്ലയിൽ റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുക, വാഹനത്തിൽ കടത്തുക, ശേഖരിക്കുക തുടങ്ങിയ കാര്യങ്ങളിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, അവ ഏതൊക്കെ താലൂക്ക് പ്രദേശത്താണെന്നും അറിയിക്കുമോ;

(എ) 38 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു;

| | | |
|---|---|---|
| കൊല്ലം | - | 24 |
| കരുനാഗപ്പള്ളി | - | 08 |
| കൊട്ടാരക്കര | - | 01 |
| പത്തനാപുരം | - | 05 |

(ബി) മേൽപ്പറഞ്ഞ വിധം പിടിക്കപ്പെട്ട സാധങ്ങൾക്ക് എത്ര രൂപ വിലവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; ഈ സാധനങ്ങൾ സൂക്ഷിക്കുവാനും വിതരണം നടത്തുവാനും ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) ഉണ്ട്;

| | | |
|---|---|---|
| അരിയുടെ വില | - | 16,92,531/- രൂപ |
| ഗോതമ്പിന്റെ വില | - | 4,37,282/- രൂപ |
| ആകെ | - | 21,29,813/-രൂപ |

സപ്ലൈകോയുടെ റേഷൻ മൊത്ത വിതരണ കേന്ദ്രങ്ങൾ വഴിയും അംഗീകൃത റേഷൻ മൊത്തവ്യാപാര ഡിപ്പോ വഴിയുമാണ് പിടിച്ചെടുക്കുന്ന സാധനങ്ങൾ വിതരണം നടത്തുന്നത്;

(സി) കഴിഞ്ഞ രണ്ടുവർഷക്കാലയളവിൽ പ്രസ്തുത ജില്ലയിൽ എത്ര റേഷൻ കടകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം അറിയിക്കുമോ;

(സി) 10 റേഷൻ കടകൾ സസ്പെൻഡ് ചെയ്യുകയും 3 റേഷൻ കടകൾ ക്യാൻസൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ക്രമക്കേട് കണ്ടതുമായി ബന്ധപ്പെട്ട് 11257 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ജില്ലയിലെ റേഷൻ കടകളിൽ യഥാ സമയം പരിശോധനകൾ നടത്താത്തത് മൂലമാണ് വ്യാപകമായ അഴിമതിയും കരിഞ്ചന്തയും നടക്കുന്നത് എന്നത് ബോദ്ധ്യമുണ്ടോ; ഇതിന്മേൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | ഇല്ല; റേഷൻ കടകളിലെ പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ